പ്ലാറ്റ്ഫോമുകളിലും ട്രെയിനുകളിലും തലങ്ങും വിലങ്ങും ബീറ്റ് ഡ്യൂട്ടിക്കും പട്രോളിംഗ് ഡ്യൂട്ടിക്കും നിയോഗിച്ചും ട്രെയിനുകളിലെ വനിതാ കമ്പാർട്ട്മെന്റുകളിൽ പ്രത്യേകം വനിതാ പോലീസുകാരെ നിയോഗിച്ചും വനിതാ കോച്ചുകൾക്ക് സമീപമുള്ള മറ്റ് കോച്ചുകളിൽ പ്രത്യേകം ഡ്യൂട്ടിക്കാരെ നിയോഗിച്ചും റെയിൽവേ സ്റ്റേഷനുകളിൽ ട്രെയിനുകൾ എത്തിച്ചേരുമ്പോൾ കമ്പാർട്ട്മെന്റുകൾക്ക് സമീപമെത്തി നിരീക്ഷിച്ചും അന്വേഷിച്ചും സ്ത്രീ യാത്രക്കാർക്ക് വേണ്ട സഹായങ്ങൾ ചെയ്തുവരുന്നുണ്ട്.

(5) സ്ത്രീകൾക്കെതിരെ ഉണ്ടാകുന്ന ഏത് അതിക്രമങ്ങൾക്കും മറ്റ് സംഗതികൾക്കും ഉടനടി ബന്ധപ്പെടുന്നതിന് റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ ഓഫീസിൽ ഒരു "റെയിൽ അലർട്ട് സിസ്റ്റം" നടപ്പിലാക്കിയിട്ടുള്ളതും ഏത് സമയവും (24 മണിക്കൂറും) "റെയിൽ അലർട്ട്" നമ്പരായ 9846200100-ൽ ബന്ധപ്പെടാവുന്നതും തൽസമയംതന്നെ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ടി നമ്പരുകൾ ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും ലഘുലേഖകളിലും മാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

(6) റെയിൽവേ സ്റ്റേഷനുകളിലെ വിശ്രമ മുറികൾ വനിതാ പോലീസുകാരെ കൊണ്ട് പ്രത്യേകം നിരീക്ഷിച്ചും വരുന്നു. സ്ത്രീകൾക്കു നേരെ നടക്കുന്ന കുറ്റകൃത്യങ്ങൾക്ക് ചുമത്താവുന്ന വകുപ്പുകൾ അങ്ങേയറ്റം ചുമത്തി എത്രയും വേഗത്തിൽ പ്രതികളെ അറസ്റ്റ് ചെയ്ത് റിമാൻഡു ചെയ്ത് ഊർജ്ജിതമായി അന്വേഷണം പൂർത്തിയാക്കി ശിക്ഷ ലഭിക്കുന്നതിലേക്ക് കുറ്റപത്രം കോടതിയിൽ സമർപ്പിച്ചും വരുന്നു.

(സി) 2014 ജനുവരി മുതൽ സ്ത്രീ യാത്രക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് സംസ്ഥാന റെയിൽവേ പോലീസ് 139 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ 131 എണ്ണം ചാർജ് ചെയ്തിട്ടുള്ളതും 3 കേസ്സുകൾ അന്വേഷണാവസ്ഥയിലും 5 കേസ്സുകൾ തെളിയിക്കപ്പെടാത്തതും ആണ്. ചാർജ് ചെയ്ത 131 കേസ്സുകളിൽ 18 കേസ്സുകൾ വെറുതേ വിട്ടിട്ടുള്ളതും, 110 കേസ്സുകൾ കോടതിയിൽ വിചാരണയിലുമാണ്.

സ്റ്റുഡന്റ് കേഡറ്റ് പദ്ധതി

181 (1886) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്റ്റുഡന്റ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ ജില്ലകൾ തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം സിറ്റി	-	15
തിരുവനന്തപുരം റൂറൽ	-	30
കൊല്ലം സിറ്റി	-	11
കൊല്ലം റൂറൽ	-	16
പത്തനംതിട്ട	-	19
ആലപ്പുഴ	-	27
കോട്ടയം	-	43
ഇടുക്കി	-	24
കൊച്ചി സിറ്റി	-	15
എറണാകുളം റൂറൽ	-	24
തൃശ്ശൂർ സിറ്റി	-	10
തൃശ്ശൂർ റൂറൽ	-	26
പാലക്കാട്	-	22
മലപ്പുറം	-	36
കോഴിക്കോട് സിറ്റി	-	23
കോഴിക്കോട് റൂറൽ	-	25
വയനാട്	-	18
കണ്ണൂർ	-	22
കാസർഗോഡ്	-	16